CHURCH WEEKLY

October 2020

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 74
Issue 10
October 2020

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

74th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

Sri K.C. Chacko
Founder of the Church Weekly
(1946)



CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India	
Single Issue	₹ 10.00	
Annual	₹ 100.00	
10 years	₹ 900.00	
Life (Patron)	₹ 10000.00	
	Outside India	
Annual	₹ 600.00	or 10 USD
10 years	₹ 6000.00	or 100 USD
Life (Patron)	₹ 60000.00	or 1000 USD

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...


മഹദ്‌വചനം

"It is not the strongest of the species that survives, nor the most intelligent, but the one most responsive to change."

Charles Darwin

Born: February 12, 1809

Died: April 19, 1882



ഈ ലക്കത്തിൽ

Fellowship News

കെ.സി. ചാക്കോ അനുസ്മരണ സമ്മേളനം


സ്വന്തം ആരോഗ്യം വകവെക്കാതെ മഹത്തായ ലക്ഷ്യങ്ങൾക്കായി ജീവിച്ച കർമ്മയോഗിയാണ് യു.സി. കോളജ് സ്ഥാപകരിൽ പ്രമുഖനായ കെ.സി. ചാക്കോ; യതിവര്യന്മാർ പോലും വിസ്മരിക്കപ്പെടുമ്പോൾ അദ്ദേഹം ഓർമ്മിക്കപ്പെടുന്നതും അതുകൊണ്ടാണെന്ന് ഫെ ലോഷിപ്പ് ഹൗസിൽ കെ.സി. ചാക്കോ അനുസ്മരണ പ്രഭാഷണം നിർവഹിച്ചുകൊണ്ട് യു.സി. കോളജ് ബർസാറും അദ്ധ്യാപകനുമായ ഡോ. എം.ഐ. പുന്നൂസ് അഭിപ്രായപ്പെട്ടു.

ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി കുരുവിള എം. ജോർജ് അദ്ധ്യക്ഷത വഹിച്ചു.



കെ.സി.ചാക്കോ അനുസ്മരണ യോഗം ആലുവ ഫെലോഷിപ്പ് ഹൗസിൽ. യു.സി. കോളജ് ബർസാർ ഡോ. എം. ഐ. പുന്നൂസ് അനുസ്മരണ പ്രഭാഷണം നടത്തുന്നു. സെക്രട്ടറി കുരുവിള എം. ജോർജ് സമീപം.

ഫിലിപ്പ് റമ്പാച്ചൻ കാരുണ്യത്തിന്റെ നീരുറവ



ജാതിമതഭേദമോ, കാലദേശവ്യത്യാസമോ ഇല്ലാതെ കേരളത്തിനകത്തും പുറത്തും ആതുര സേവനത്തിനായി സ്വന്തം ജീവിതം പൂർണ്ണമായി മാറ്റിവെച്ച വന്ദ്യ കെ.ഐ. ഫിലിപ്പ് റമ്പാൻ (കോഴിക്കോട്, പുതുപ്പാടി ആശ്രമം) ഇക്കഴിഞ്ഞ സെപ്തംബർ 7-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. വൈവിദ്ധ്യമാർന്ന ചാരിറ്റി പ്രവർത്തനങ്ങൾ മുൻനിർത്തി മലങ്കര ഓർത്തഡോക്സ് സഭ അദ്ദേഹത്തെ "മലങ്കരസഭാ മിഷണറി ജ്യോതിസ്" എന്ന പദവി നൽകി ആദരിച്ചു. ആലുവ ഫെലോഷിപ്പ് ഹൗസ് അദ്ദേഹത്തിന്റെ അതിർവരമ്പുകളില്ലാത്ത സാമൂഹ്യ പ്രതിബദ്ധത മുൻനിർത്തി കെ.സി. ചാക്കോ മെമ്മോറിയൽ എക്യുമെനിക്കൽ അവാർഡ് അദ്ദേഹത്തിന് സമ്മാനിച്ചിട്ടുണ്ട്. റമ്പാച്ചന്റെ അടുത്ത സുഹൃത്തായ ഡേവിഡ് മാത്യു അദ്ദേഹത്തെ അനുസ്മരിക്കുന്നു (പേജ് 9).

• മുഖമൊഴി •

അതിജീവനത്തിന്റെ പാതയിൽ

ഒക്ടോബർ മാസത്തിലെ അവസാനത്തെ ഞായറാഴ്ച സഭയുടെ പുതുവർഷം ആരംഭിക്കുകയാണ്. നമ്മുടെ ഇന്നലെകളെ ഭയപ്പെടുത്തിയിരുന്ന കൊറോണയോടൊപ്പം ജീവിക്കുവാൻ നാം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. കൊറോണയുടെ ആദ്യഘട്ടങ്ങളിൽ നാം വീട്ടുതടങ്കലിൽ കഴിഞ്ഞു; ഇന്ന് പുറത്തിറങ്ങുന്നത് അപകടമാണെന്നറിഞ്ഞിട്ടും അതിജീവനത്തിന്റെ പാതയിലൂടെ ഇറങ്ങി നടക്കുവാൻ നാം നിർബന്ധിതരായിരിക്കുകയാണ്.

കൊറോണ നമ്മെ എന്തൊക്കെയോ പഠിപ്പിച്ചുവെന്നോ നമ്മുടെ ജീവിതശൈലിയിൽ കാതലായ മാറ്റങ്ങൾ വരുത്തിയെന്നോ ഒക്കെ ആളുകൾ എഴുതി പിടിപ്പിക്കുന്നുണ്ട്; എന്നാൽ സത്യം എന്താണ്? പുറത്തിറങ്ങാതെ, കാശ് ചെലവാക്കാതെ, കൂട്ടം കൂടാതെ, മാളിലും തീയേറ്ററിലും പോകാതെ, ആഘോഷങ്ങളില്ലാതെ ഒതുങ്ങി ജീവിക്കുവാൻ നാം നിർബന്ധിതരായിരിക്കുന്നു എന്നതല്ലേ സത്യം! ഇനി, തെറ്റുകൾ തിരിച്ചറിഞ്ഞ് നമ്മുടെ സ്വഭാവം നന്നായി എന്നു പറയുവാനാണെങ്കിൽ അതിനും പരിമിതിയുണ്ട്. ഇരുളിന്റെ മറവിൽ നടന്നിരുന്ന അക്രമങ്ങളെ വെല്ലുന്ന രീതിയിൽ പകൽവെളിച്ചത്തിൽ തന്നെ കുറ്റകൃത്യങ്ങളും അഴിമതികളും ദേശദ്രോഹപ്രവർത്തനങ്ങളും നടമാടുകയാണ്. സർക്കാരുകളുടെ ഒത്താശയോടെ നടക്കുന്ന അന്യായങ്ങളും വർദ്ധിച്ചു വരുന്നു.

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുതെന്ന് ഒരു പഴഞ്ചൊല്ല് ഉണ്ടായിരുന്നു. പഴയതു തിരുത്തുക എന്നതാണല്ലോ പുരോഗമനത്തിന്റെ മുഖമുദ്ര! അത് നാം തിരുത്തിയെഴുതി; ഇന്ന് എത്ര നിരപരാധികളെ ബലികൊടുത്താലും പഞ്ചനക്ഷത്ര കുറ്റവാളികളെ രക്ഷിക്കുവാൻ നിയമപാലകർ തന്നെ മുൻകൈ എടുക്കുന്നു. ഇവിടെ സാധാരണജനത്തിന് എങ്ങനെ നീതി ലഭിക്കും? സത്യസന്ധരായ കുറെ നിയമപാലകരും നിശ്ചയദാർഢ്യമുള്ള കുറച്ചു മാദ്ധ്യമപ്രവർത്തകരും സമൂഹത്തിന്റെ നന്മക്കുവേണ്ടി സ്വന്തം ജീവിതം ബലിയർപ്പിച്ച് നീതി നടപ്പാക്കുവാൻ ശ്രമിക്കുന്ന ചില സന്നദ്ധപ്രവർത്തകരും ഇന്നും ഉണ്ടെന്നത് നമുക്കു ജീവിക്കാൻ പ്രതീക്ഷ നൽകുന്നു.

നമ്മുടെ സാധാരണ ജീവിതത്തിന് കാര്യമായ ബുദ്ധിമുട്ടില്ലെങ്കിൽ രാജ്യത്തുള്ള പ്രശ്നങ്ങളെ നാം ഗൗനിക്കാറില്ല. ആരെങ്കിലും വിവരമുള്ളവർ എന്തെങ്കിലും ആപൽസൂചന നൽകിയാലും അങ്ങനെയൊക്കെയുണ്ടോ എന്ന് മറുചോദ്യം ചോദിച്ച് ആശ്വസിക്കുന്നവരാണ് ഭൂരിപക്ഷം. വേറെ ചിലർക്ക് എല്ലാത്തിനും തെളിവുകൾ വേണം! കണ്ണടച്ചിരുട്ടാക്കുന്നവർക്ക് തെളിവു കൊടുക്കാൻ ആർക്കാണ് ബാദ്ധ്യത? അന്നന്നത്തെ പത്രത്തിലും ടെലിവിഷനിലും കാണുന്നതൊക്കെ അതേപടി സത്യമെന്നു വിശ്വസിച്ച് നിർവൃതിയടയാനാണ് ചിലർക്ക് ഇഷ്ടം! വായനക്കാരെ പന്താടുക എന്ന ഒരു തമാശകൂടി മാദ്ധ്യമങ്ങൾക്കുണ്ട് എന്ന് പലപ്പോഴും നാം ഓർക്കാറില്ല.

കണ്ണടച്ചിരുട്ടാക്കുന്നവർ ഉറങ്ങട്ടെ; പക്ഷേ കണ്ണടച്ചു തുറക്കുമ്പോൾ എന്തെല്ലാം നഷ്ടപ്പെട്ടിരിക്കുമെന്ന് നാം അറിഞ്ഞിരിക്കണം. അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്ക്കാര സ്വാതന്ത്ര്യവും കുറ

ഞ്ഞുവരുന്നു. പൊതുമുതലെന്നു നാം വിശ്വസിച്ചിരുന്ന വിമാനത്താവളങ്ങളും റെയിൽവേയും തുറമുഖങ്ങളുമെല്ലാം വേണ്ടപ്പെട്ടവർക്കായി സ്വകാര്യവൽക്കരിക്കപ്പെടുന്നതോടെ, പെട്രോളിയം കമ്പനികളുടെ പകൽക്കൊള്ളക്കു പുറമേ വീണ്ടും നാം ചൂഷണം ചെയ്യപ്പെടുവാൻ പോകുന്നു. ഇനി നമ്മുടെ പിഴ അവർ നിശ്ചയിക്കും! നമ്മുടെ യാത്ര ആരുടെയോ ഔദാര്യത്തിലാകും; സീറ്റുകൾ ലേലം വിളിക്കപ്പെടും; ആവശ്യക്കാർ നിലവിളിക്കും!!

ഇന്നത്തെ ഹരം പിടിപ്പിക്കുന്ന വാർത്തകൾ വിമാനത്താവളങ്ങളിലൂടെയുള്ള സ്വർണ്ണക്കടത്തും പാലാരിവട്ടം പഞ്ചവടിപ്പാലവുമാണെങ്കിൽ നാളെ, വിമാനത്താവള ഉടമകളുടെ അറിവോടെ നടക്കുന്ന കള്ളക്കടത്തിന് വിഭവസമാഹരണമെന്നും പൊതുമരാമത്തിലെ അഴിമതികൾക്ക് സർവീസ് ചാർജെന്നും പേരു പറയാൻ തുടങ്ങും. വിരലിലെണ്ണാൻ മാത്രമുള്ള വൻവ്യവസായികളുടെ അഴിമതിപ്പണവും സാധാരണക്കാരന്റെ അന്നന്നത്തെ അപ്പവും ചേർത്ത് കൂട്ടിക്കുഴച്ചെടുക്കുമ്പോൾ നമ്മുടെ പ്രതിശീർഷ വരുമാനം വളരെ ഉയർന്നിരിക്കും. അമ്പലം പണി പോലുള്ള കാര്യങ്ങൾ സർക്കാർ തന്നെ ചെയ്യുമ്പോൾ ഭക്തന്മാരുടെ വോട്ടുകൾ ഭണ്ഡാരപ്പെട്ടിയിൽ കുറെ വർഷത്തേക്ക് വീണുകൊണ്ടിരിക്കും. കൊറോണ മൂലം ലക്ഷക്കണക്കിനാളുകൾ മരിച്ചു വീഴുമ്പോഴും നർമ്മദാതീരത്തെ സർദാർ വല്ലഭായി പട്ടേലിന്റെ പ്രതിമയ്ക്ക് ഒരു തുമ്മൽ പോലും ഉണ്ടായിട്ടില്ലെന്ന് നമുക്ക് അഭിമാനിക്കാം.

'ഡിജിറ്റൽ' എന്നു പറയുന്നത് ഒരു ഫാഷനായി മാറിയിരിക്കുന്ന ഇക്കാലത്ത്, നമ്മുടെ പണം അപ്രത്യക്ഷമാകാൻ വഴികളേറെയാണ്. ബാങ്കുകളിൽ നാം ഏൽപ്പിക്കുന്ന പണത്തിന് പലിശ കുറച്ചും സർവീസ് ചാർജുകൾ കൂട്ടിയും ഏകപക്ഷീയമായി പീഡിപ്പിക്കുന്നതിനു പുറമെ അതു പിൻവലിക്കാൻ തടസ്സങ്ങൾ കൂടി ഉണ്ടാക്കുമ്പോൾ നാം സാമ്പത്തിക അടിമത്തം എന്തെന്നറിയും; സർക്കാർ ഭാഷയിൽ "സാമ്പത്തിക അച്ചടക്കം!" മുക്കുവൻ ഭൂതത്തെ തുറന്നു വിട്ടതുപോലെ, അമിതപലിശ വാഗ്ദാനം ചെയ്ത് നമ്മുടെ പണം കവർന്നെടുക്കുന്ന മുഖമില്ലാത്ത കമ്പനികൾ മാർക്കറ്റിൽ കൂണുപോലെ മുളച്ചുപൊന്തുന്നു. പണം കൈമാറ്റം ഒരു യാഥാർത്ഥ്യം! ബാക്കിയെല്ലാം 'ഡിജിറ്റൽ'; അങ്ങോട്ടു പോകുന്ന വേഗത്തിൽ പണം തിരിച്ചുവരില്ല എന്നും കൊടുത്തതിനുള്ള തെളിവുകൾ പോലും വാങ്ങിയവരുടെ കൈകളിലാണെന്നും തിരിച്ചറിയുമ്പോൾ വൈകിയിരിക്കും.

ഒക്ടോബർ മാസത്തിൽ തുടങ്ങുന്ന ക്രൈസ്തവസഭാ പുതുവർഷത്തിൽ സഭകൾക്ക് പുതുതായി എന്തെങ്കിലും ചെയ്യാനുണ്ടോ? വാരഫലത്തിൽ കാണുന്നത്, നിലനിൽപ്പിനുവേണ്ടി തട്ടിക്കൂട്ടുന്ന ചില കൂറുമുന്നണികൾ ഉണ്ടാകും എന്നാണ്! 2017 ജൂലൈ മാസത്തെ സുപ്രീംകോടതി വിധിയുടെ അർത്ഥം പോലും തിരിച്ചറിയാത്ത ഒരു പുതുതലമുറ സമാധാനം, സമാധാനം എന്നു പറഞ്ഞ് ദൈവവും കോടതികളും അറിഞ്ഞു നൽകിയ സമാധാനത്തെ തങ്ങളുടെ സ്വാർത്ഥതാൽപ്പര്യങ്ങൾക്കുവേണ്ടി ഇല്ലാതാക്കുമ്പോൾ, മുൻതലമുറകൾ ചെയ്തുകൂട്ടിയ വിശുദ്ധ അക്രമങ്ങളെ വീണ്ടും വാഴ്ത്തിപ്പാടുമ്പോൾ, സ്വാർത്ഥരായ വിദേശ മെത്രാന്മാരും നട്ടെല്ലു പണയം വെച്ച സ്വദേശ മെത്രാന്മാരും അവരുടെ അന്ധരായ പിണിയാളുകളും കൂടി ചെയ്തുകൂട്ടിയ ചരിത്രപരമായ വിഡ്ഢിത്തത്തെ ഒരിക്കലായി മാറ്റിയെടുക്കുവാനുള്ള ഈ അവസരംകൂടി നശിപ്പിക്കുവാൻ കച്ചകെട്ടി നില്ക്കുന്ന ദിവ്യന്മാർ അറിയുക - നിങ്ങൾ പറയുന്നത് ദൈവശാസ്ത്രമല്ല... നിങ്ങളിൽ നിറഞ്ഞു നിൽക്കുന്നത് ദൈവവിശ്വാസമല്ല... നിങ്ങളെ നയിക്കുന്നത് ദൈവഭയമല്ല... ദൈവം പോലും കൈവിടാതിരിക്കണമെങ്കിൽ ഈ രാത്രി ഉണരുമ്പോൾ ചുമതലപ്പെട്ടവർക്ക് വിവേകം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ വരുന്ന വിശുദ്ധീകരണ ഞായറും പ്രതിഷ്ഠാദിന ഞായറും പുതുവർഷത്തെ ധന്യമാക്കട്ടെ. ◎

കൽപ്പടവുകൾ-2
ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ



സ്രഷ്ടാവായ ദൈവം

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1)

The greatest happiness of the thinking man is to have fathomed what can be fathomed, and quietly to reverence what is unfathomable. (Goethe)

"ചിന്തിക്കുന്ന മനുഷ്യന്റെ ഏറ്റവും വലിയ സന്തോഷം ആഴം കണ്ടെത്താൻ കഴിയുന്ന കാര്യങ്ങളെ അഗാധതലത്തിൽത്തന്നെ മനസ്സിലാക്കാൻ സാധിക്കുക എന്നതും അങ്ങനെ മനസ്സിലാക്കാൻ സാധിക്കാത്തവയെ ശാന്തമായി, ആദര വോടെ കാണുക എന്നതുമാണ്."

സൃഷ്ടികർമ്മത്തെപ്പറ്റിയുള്ള ചിന്തയിൽ മനസ്സിലേക്ക് ആദ്യം കടന്നുവരുന്ന ഒരു ആശ യമാണിത്. ഓർത്തഡോക്സ് ആരാധനയിൽ പോലും ഇത് തെളിഞ്ഞു വരുന്നു. Mystery (Musterion-Greek) എന്നാൽ മനുഷ്യന്റെ പരീ ക്ഷണ നിരീക്ഷണങ്ങൾക്ക് കണ്ടെത്താനോ പൂർണ്ണമായി മനസ്സിലാക്കാനോ സാധിക്കാത്ത കാര്യം എന്നാണർത്ഥം. ദൈവം, പ്രകൃതി, സൃഷ്ടി, സമയം എന്നിവയെ സംബന്ധിച്ച് ആഴമായ ചിന്തകളും പഠനങ്ങളും ഉണ്ടായിട്ടു ണ്ടെങ്കിലും അവയെ പൂർണ്ണമായി മനസ്സിലാ ക്കാൻ നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ടാണ് ചോദ്യം ചെയ്യപ്പെടാൻ സാധിക്കാത്ത ഒരു സത്യ മായി കണക്കാക്കിക്കൊണ്ട് ഉല്പത്തിപ്പുസ്തക കർത്താവ് എഴുതിയത് : "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."

വലിയ ചിന്തകനും ജ്ഞാനിയും തത്വചി ന്തകനും ഒക്കെ ആയിരുന്ന സെന്റ് അഗസ്റ്റിൻ ദൈവത്തെക്കുറിച്ച് ഒരു പുസ്തകമെഴുതാൻ ആരംഭിച്ചതിനെപ്പറ്റി ഒരു കഥയുണ്ട്. പുസ്തക ത്തിന്റെ അവസാന അദ്ധ്യായങ്ങളുടെ മിനുക്കു പണിയിൽ ഏർപ്പെട്ടിരുന്ന അദ്ദേഹം അതേപ്പറ്റി യെല്ലാം ആലോചിച്ചുകൊണ്ട് കടൽത്തീരത്തു കൂടി നടക്കുകയായിരുന്നു. രസകരമായ ഒരു കാഴ്ച അദ്ദേഹം കണ്ടു. ഒരു കൊച്ചു കുട്ടി കടൽത്തീരത്തു മണലിൽ കുഴി കുഴിച്ചിട്ട് അതിലേക്ക് ഒരു ചെറിയ പാത്രംകൊണ്ട് വെള്ളം കോരി ഒഴിക്കുന്നു; ഈ കാഴ്ച ഏറെ നേരം അദ്ദേഹം നോക്കിനിന്നു. സെന്റ് അഗ സ്റ്റിൻ ആ കുട്ടിയോട് അവൻ എന്തു ചെയ്യുക യാണെന്ന് ചോദിച്ചു. കുട്ടി പറഞ്ഞു, താൻ കട ലിലെ വെള്ളം കോരിപ്പറ്റിച്ച് അതിലെ മീൻ പിടി ക്കാൻ ശ്രമിക്കുകയാണെന്ന്. ഒരിക്കലും നടപ്പാ ക്കാൻ സാദ്ധ്യതയില്ലാത്ത ഒരു ശ്രമമായിരുന്നു കുട്ടിയുടേത്. തന്റെ പരിശ്രമവും വ്യത്യസ്ത മാണോ എന്ന് വി. അഗസ്റ്റീനോസ് ചിന്തിച്ചു. സർവ്വ സൃഷ്ടികളുടേയും സ്രഷ്ടാവായ ദൈവ ത്തെ തന്റെ ചെറിയ തലയിൽ (ബുദ്ധിയിൽ) ഒതുക്കാമെന്നല്ലേ തന്റെ വിചാരം? അദ്ദേഹം വൃഥാവിലുള്ള ആ ശ്രമം ഉപേക്ഷിച്ചു; ദൈവ ത്തെപ്പറ്റിയുള്ള പുസ്തകരചനയും വിട്ടു.

മറ്റൊരവസരത്തിൽ, അദ്ദേഹം ഏതാനും ചില കുട്ടികൾക്കായി വേദപഠനക്ലാസ് നടത്തു കയായിരുന്നു. ഉല്പത്തി 1-ാം അദ്ധ്യായത്തിൽ നിന്നുള്ള 'സൃഷ്ടികർമ്മ'മായിരുന്നു വിഷയം. ഒരു കുട്ടി ചോദിച്ചു: ദൈവം എവിടെ ഇരുന്നു കൊണ്ടാണ് സൃഷ്ടികർമ്മം നടത്തിയത്? സെന്റ് അഗസ്റ്റിന്റെ ഉത്തരം പെട്ടെന്നായിരുന്നു: "അനാവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്ന കുട്ടികളെ അടിക്കാനുള്ള വടി വെട്ടാൻ ദൈവം

വനത്തിൽ പോയിരിക്കുകയായിരുന്നു." ഉത്തരമില്ലാത്ത ചോദ്യങ്ങളുണ്ട്. അതുകൊണ്ടാണ് ഒരുപക്ഷേ പൗരസ്ത്യ സഭാപിതാക്കന്മാർ 'രഹസ്യം' (mystery) എന്ന ആഴമായ അർത്ഥമുള്ള പദം വിശ്വാസത്തിന് അടിസ്ഥാനമായി സ്വീകരിച്ചത്.

'ദൈവം' എന്ന പദം ഏറെ ഭയഭക്തി ബഹുമാനങ്ങളോടെയാണ് യിസ്രായേൽക്കാർ ഉപയോഗിച്ചിരുന്നത്. എബ്രായ ഭാഷയിൽ 'ഏലോഹിം' (Elohim) എന്നാണ്. 'ഏലോഹിം' ബഹുവചനമാണ്. 'ഏൽ' (El) എന്ന സെമിറ്റിക് പദമാണ് ഏകവചനം. 'ഏലോഹിം' എന്നത് അന്യദേവന്മാരെ പരാമർശിക്കുമ്പോഴാണ് പഴയ നിയമത്തിൽ ഉപയോഗിച്ചതെന്ന അഭിപ്രായവുമുണ്ട്. അതല്ല, 'ഏലോഹിം' ഏകസത്യദൈവമായ 'ത്രിത്വത്തെ' (Trinity) കാണിക്കുന്നതാണ് എന്നും വിശ്വാസമുണ്ട്. 'ഏൽ' എന്ന സെമിറ്റിക് പദം ഉപയോഗിച്ച് ദൈവസ്വഭാവത്തെ കാണിക്കാനുള്ള പല പ്രയോഗങ്ങളും എബ്രായ ഭാഷയിലുണ്ട്. ഉദാ:

ഏൽ ഷാദ്ദായി = സർവ്വശക്തനായ ദൈവം;
ഏൽ-ഏലി-ഓൻ=അത്യുന്നതനായ ദൈവം;
ഏൽ-ഓലാം=നിത്യനായ ദൈവം;
ഏൽ-ബറിത്ത്=ഉടമ്പടിയുടെ ദൈവം.

സുറിയാനിഭാഷയിലെ 'ആലോഹോ' (ദൈവം) ഈ മൂലവാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു.

കൂടുതൽ വ്യക്തത ആവശ്യമുള്ള ഒരു പ്രയോഗമാണ് ''യഹോവയായ ദൈവം.'' ഉല്പത്തി 2:4 മുതലാണ് അതുല്യമായ ഈ പ്രയോഗം കാണുന്നത്. 'യഹോവ' എന്ന പദം പഴയ നിയമത്തിൽ 5700 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഇത് എബ്രായ ഭാഷയിലുള്ള നാല് അക്ഷരങ്ങളാണ്. ദൈവത്തിന്റെ നാമം ഉച്ചരിക്കാൻ യിസ്രായേൽക്കാർ ഭയപ്പെട്ടിരുന്നു. പാപപരിഹാരത്തിന്റെ മഹാദിവസത്തിൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട പുരോഹിതനു മാത്രമാണ് ഈ പേര് ഉറക്കെ ഉച്ചരിക്കാൻ അനുവാദമുണ്ടായിരുന്നത്. 'ഹ്യാ' അല്ലെങ്കിൽ 'ഹ്വാ' എന്ന എബ്രായ പദത്തിന്റെ രൂപഭേദമാണ് 'യഹോവ.' രണ്ട് അർത്ഥതലങ്ങൾ ഇതിനുണ്ട്. (1) ഉണ്മയ്ക്ക് അല്ലെങ്കിൽ സൃഷ്ടിക്ക് കാരണഭൂതനായവൻ. (2) ആയിരിക്കുന്നവൻ - സ്രഷ്ടാവിന്റെ കേവലമൊരു പ്രതീകം മാത്രമല്ല ഈ ശബ്ദം. അത് ഉണ്മയുടെ പൂർത്തീകരണമാണ്. സദാ സന്നിഹിതനും കർമ്മനിരതനുമാണ് ദൈവം. തന്റെ ജനത്തിനുവേണ്ടി ജാഗരൂകനായിരിക്കുന്നവൻ. പുറപ്പാട് 3:14 ൽ "ഞാൻ ആയിരിക്കുന്നവൻ ഞാൻ ആകുന്നു" എന്ന് സ്വയം വെളിപ്പെടുത്തുമ്പോൾ (I AM WHO I AM; RSV. Foot-note : (Or) I AM WHAT I AM, or I WILL BE WHAT I WILL BE) തന്റെ ആളത്വത്തെ പൂർണ്ണമായി വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതേ സമയം തന്റെ ആളത്വത്തിൽ അടങ്ങിയിരിക്കുന്ന രഹസ്യാത്മകത സൂക്ഷിക്കുകയും ചെയ്യുന്നു. പുറപ്പാട് 33-ാം അദ്ധ്യായത്തിലെ ഈ ഭാഗങ്ങൾ ശ്രദ്ധിക്കുക: "ഒരുത്തൻ തന്റെ സ്നേഹിതനോട് സംസാരിക്കുന്നതുപോലെ യഹോവ മോശയോട് അഭിമുഖമായി സംസാരിച്ചു" - (33:11). "...അപ്പോൾ അവൻ (മോശ): നിന്റെ തേജസ്സ് എനിക്ക് കാണിച്ചു തരേണമേ എന്നപേക്ഷിച്ചു. അതിന് അവൻ: ഞാൻ എന്റെ മഹിമ ഒക്കെയും നിന്റെ മുമ്പാകെ കടക്കുമാറാക്കി യഹോവയുടെ നാമത്തെ നിന്റെ മുമ്പാകെ ഘോഷിക്കും" - (18, 19 വാക്യങ്ങൾ). "നിനക്ക് എന്റെ മുഖം കാണാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോടെ ഇരിക്കയില്ല എന്നും കല്പിച്ചു" - (20-ാം വാക്യം). "നീ എന്റെ പിൻഭാഗം കാണും; എന്റെ മുഖമോ കാണാവതല്ല എന്നും യഹോവ അരുളിച്ചെയ്തു" - (23-ാം വാക്യം).

യിസ്രായേൽക്കാർ തങ്ങളുടെ പ്രാർത്ഥനകളിൽ ദൈവനാമം ഉച്ചരിക്കാൻ ഭയപ്പെട്ടിരുന്നു. അതുകൊണ്ട് 'കർത്താവ്' എന്ന് അർത്ഥം വരുന്ന 'അഡോണായി' (Adonai) എന്ന നാമം എഴുതി വായിച്ചിരുന്നു. 'യാഹ്‌വേ' എന്ന് ഉച്ചരിക്കുന്ന എബ്രായ മൂലപദത്തിന്റെ വ്യഞ്ജനാക്ഷരങ്ങളും അഡോണായി എന്ന പദത്തിന്റെ സ്വരാക്ഷരങ്ങളും മുകളിലും താഴെയുമായി ചേർത്ത് എഴുതിയിരുന്നു. ഇത് രണ്ടും കൂടി ചേർത്ത് വായിക്കാനും എഴുതാനും ഇടയായപ്പോൾ പിന്നീട് 'യഹോവ' എന്ന് ഉച്ചരിക്കുകയായിരുന്നു. ◎

സ്മരണാഞ്ജലി

ഡേവിഡ് മാത്യു



ഫിലിപ്പ് റമ്പാച്ചൻ - കാരുണ്യത്തിന്റെ നീരുറവ

ഫിലിപ്പ് റമ്പാച്ചൻ എന്ന ദൈവമനുഷ്യന്റെ സ്നേഹസ്പർശത്തെപ്പറ്റി എത്ര പറഞ്ഞാലും മതിവരില്ല. ആ ദീപസ്തംഭം പൊലിഞ്ഞുവെങ്കിലും, ആ ദീപം പരത്തിയ വെളിച്ചവും സുഗന്ധവും ഒരു വികാരമായി ഇന്നും നാം ഏവരിലും വസിക്കുന്നു.

1940-കളുടെ ആരംഭത്തിൽ കെ.ഐ. ഫിലിപ്പ് എന്ന ജോയിക്കുട്ടി ജന്മനാടായ വയലക്കരയിൽ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ മാമ്മൻ ഉപദേശിയുടെ പ്രസംഗം കേട്ടിട്ട്, "ഞാൻ യഹോവയെ എക്കാലത്തും എന്റെ മുമ്പിൽ വച്ചിരിക്കുന്നു" എന്നു പറയാനുള്ള ഇച്ഛാശക്തി കാണിച്ചു. വേദനിക്കുന്നവരുടെയും ദുഃഖിക്കുന്നവരുടെയും പ്രിയങ്കരനായ ഫിലിപ്പ് റമ്പാച്ചനായി പിന്നീട് രൂപാന്തരപ്പെട്ടത് അങ്ങനെ യഹോവയെ എല്ലാക്കാലത്തും തന്റെ മുമ്പിൽ വച്ചതുകൊണ്ടാണ്.

സൺഡേസ്കൂൾ പഠനത്തിനുശേഷം വയലത്തല സ്ലീബാപ്പള്ളിയിലെ സൺഡേ സ്കൂൾ അധ്യാപകനായിരുന്നപ്പോൾ അന്നത്തെ ഇടവക മെത്രാപ്പോലീത്തായോടൊപ്പം എം.വി. ജോർജ്ജ് ശെമ്മാശ്ശൻ (പിന്നീട്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്) പ്രസംഗിക്കുവാനായി വരുന്നു എന്ന് കേട്ട് ജോയിക്കുട്ടിയും പോയി. ശെമ്മാശ്ശന്റെ പ്രസംഗം കേട്ട് വികാരഭരിതനായിത്തീർന്ന ജോയിക്കുട്ടിക്ക് അദ്ദേഹവുമായി വളരെ നേരം സംസാരിക്കുവാൻ ഭാഗ്യം ഉണ്ടായി. പിന്നീട് അവർ തമ്മിലുള്ള കത്തിടപാടുകളും സുഹൃദ്ബന്ധവും അദ്ദേഹത്തെ സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുവാനായി ഒരുക്കി.

അനാഥക്കുട്ടികൾക്കുവേണ്ടി ഒരു സ്ഥാപനം ആരംഭിക്കണമെന്നുള്ള ആഗ്രഹം കോട്ടയം സെമിനാരിയിൽ പഠിക്കുമ്പോൾ ഒരു സ്വപ്നമായി കാത്തു. സെമിനാരിയിലെ പഠിത്തത്തിന് ഒരു വ്യക്തി പ്രതിമാസം നൽകിയിരുന്ന 10 രൂപായിൽ നിന്ന് ഒരു രൂപാ ഒരു കവറിൽ ഇട്ട് മാറ്റിവച്ച്, വർഷാവസാനം മാവേലിക്കര സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖയിൽ ജോർജ്ജ് അച്ചന്റെയും ജോയിക്കുട്ടിയുടെയും പേരിൽ നിക്ഷേപിച്ച്, അത് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ചിലവിട്ടു. സുഹൃത്തുക്കളോടൊപ്പം കോട്ടയം ജില്ലാ ആശുപത്രി സന്ദർശിച്ച് രോഗികളെ കാണുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് പതിവായിരുന്നു.

പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ചു ഫിലിപ്പ് ശെമ്മാശ്ശന് പൂർണ്ണവിശ്വാസമുണ്ടായിരുന്നു. ഒരു ദിവസം തലവടിയിലുള്ള ഒരു സൺഡേസ്കൂൾ അദ്ധ്യാപികയെ ആശുപത്രിയിൽ വച്ച് കാണുവാനിടയായി. ഒരു ഓപ്പറേഷന് ശേഷം ആ സ്ത്രീയുടെ നില ഗുരുതരമായെന്നറിഞ്ഞപ്പോൾ ശെമ്മാശ്ശൻ ആശുപത്രിയിൽ പോയി കട്ടിലിനരികിൽ നിന്നുകൊണ്ട് പ്രാർത്ഥിക്കുകയും അച്ചൻ വന്ന് രോഗിക്ക് കുർബാന കൊടുക്കുകയും ചെയ്തു. അത്ഭുതമെന്ന് പറയട്ടെ, അതിനുശേഷം അവരുടെ രോഗം ക്രമേണ കുറഞ്ഞു തുടങ്ങി. പിറ്റേ ദിവസം ശെമ്മാശ്ശൻ ആശുപത്രിയിൽ ചെന്നപ്പോൾ ആ സ്ത്രീ കട്ടിലിൽ എഴുന്നേറ്റിരുന്ന് സംസാരിക്കുന്നതായി കണ്ട് ദൈവത്തെ മഹത്വപ്പെടുത്തി.

വൈദികപട്ടം ലഭിച്ചതിനുശേഷം 1963-ൽ

അദ്ദേഹം ഭിലായി ഇടവക വികാരിയായി. ഇന്ന് സഭയിലെ ഒരു സുപ്രധാന മിഷൻ കേന്ദ്രമായി അവിടത്തെ സ്ഥാപനങ്ങൾ സ്തുത്യർഹമാം വിധം പ്രവർത്തിക്കുന്നു. 1965-ൽ ഫാ. കെ.ഐ. ഫിലിപ്പ് പുതുപ്പാടി ബാലഭവന്റെ മാനേജരായി. വയറിനുള്ളിൽ ചുറ്റിത്തിരിയുന്ന വിശപ്പിന്റെ തീജ്വാലയേറ്റ് കരിവാളിച്ചുപോയ കുഞ്ഞുങ്ങൾക്ക് സാന്ത്വനസ്പർശമായി ഫിലിപ്പച്ചൻ പരിണമിച്ചു.

"കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും" എന്ന വാക്യം ഫിലിപ്പച്ചനിൽ അന്വർത്ഥമായിട്ടുണ്ട്. ചുഴലിക്കാറ്റും വെള്ളപ്പൊക്കവും 1976-ൽ ആന്ധ്രായുടെ തീരപ്രദേശത്ത് ദുരന്തം വിതച്ചു. മലങ്കരസഭയുടെ ഏറ്റവും വലിയ ദുരിത നിവാരണ പദ്ധതി ഫിലിപ്പച്ചൻ ഏറ്റെടുത്തു. 68 നല്ല വീടുകളും ഒരു ഹാളും മഛ്ലി പട്ടണത്തിന് അടുത്തുള്ള രണ്ടു ഗ്രാമങ്ങളിൽ പടുത്തുയർത്തി. താക്കോൽദാനത്തിന് വന്ന ആന്ധ്രാ ഗവർണ്ണർ കെ.സി. ഏബ്രഹാമും മുഖ്യമന്ത്രി ചെന്നറെഡ്ഡിയും മലങ്കരസഭയെ മുക്തകണ്ഠം പ്രശംസിച്ചു.

ആന്ധ്രായിലെ ദുരിതനിവാരണ ഫണ്ടിന്റെ ബാക്കിവന്ന തുക ഉപയോഗിച്ച് ഹൈദരാബാദിൽ നിന്നും 50 കിലോമീറ്റർ അകലെ യാച്ചാരം ഗ്രാമത്തിൽ 30 ഏക്കർ സ്ഥലം ബാലഭവൻ ആരംഭിക്കുവാൻ വിലയ്ക്കു വാങ്ങി. കുഷ്ഠരോഗികൾക്കായി പ്രാർത്ഥിക്കുക മാത്രം ചെയ്തിരുന്ന സഭാ മക്കൾക്ക് ആത്മീയപ്രചോദനം നൽകുവാനായി കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുട്ടികളുടെ ഉന്നമനത്തിനായി സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം രൂപം കൊണ്ട് പ്രവർത്തനം ആരംഭിച്ചു.

1993-ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽ യാതൊന്നും ലഭ്യമായിരുന്നില്ല. ആദ്യകാലങ്ങളിൽ ചെറുതും വലുതുമായ ഓരോ കാര്യത്തിനും ഫിലിപ്പച്ചന് ഹൈദരാബാദിലേക്ക് പോകേണ്ടിയിരുന്നു. അന്നൊക്കെ യാച്ചാരം ഭാഗത്തേക്ക് വല്ലപ്പോഴും ഒരു ബസ് പോയെങ്കിലായി. കാവിക്കുപ്പായം അണിഞ്ഞ ഫിലിപ്പച്ചൻ ആ വഴി പോകുന്ന ലോറികൾ കൈകാട്ടി നിറുത്തി യുവത്വത്തിന്റെ ചുറുചുറുപ്പോടെ ലോറിയിൽ വലിഞ്ഞുകയറി ഹൈദരാബാദിലേക്ക് പോകുകയും വരികയും ചെയ്തിരുന്നു. വെയിലും മഴയും ഒന്നും ഗൗനിക്കാതെ കഠിനാദ്ധ്വാനത്തിലൂടെ ആ സ്ഥാപനത്തെ പടുത്തുയർത്തി. കഴിഞ്ഞ വർഷം പണി പൂർത്തിയാക്കിയ അതിമനോഹരമായ സ്കൂൾ കെട്ടിടത്തിൽ ഇപ്പോൾ 600 കുട്ടികൾ സി.ബി.എസ്.ഇ. അദ്ധ്യയനം ഭംഗിയായി നടത്തിവരുന്നു. അവിടെ നിന്നും പഠിച്ചിറങ്ങിയ ചിലർ തുടർപഠനത്തിലൂടെ ഡോക്ടർമാരായും എഞ്ചിനീയർമാരായും മറ്റു തുറകളിലും ജീവിതം നയിക്കുന്നു എന്ന സത്യം നാം ഏവരേയും പുളകം കൊള്ളിക്കുകതന്നെ ചെയ്യും. 1994 സെപ്റ്റംബർ 20-ാം തീയതി ഫിലിപ്പച്ചൻ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

യാച്ചാരം ബാലഗ്രാമിലെ കുഞ്ഞുങ്ങൾക്ക് സ്നേഹം നിറഞ്ഞ ഒരു അപ്പച്ചൻ തന്നെയായിരുന്നു റമ്പാച്ചൻ. ക്രിസ്തുനാഥന്റെ ദീനാനുകമ്പയും ആതുരസ്നേഹവുമാണ് നാം അദ്ദേഹത്തിൽ ദർശിച്ചിരുന്നത്. സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും മൂർത്തീഭാവമായിരുന്ന റമ്പാച്ചന്റെ തികച്ചും ലളിതമായ ജീവിതശൈലിക്കും കളങ്കമില്ലാത്ത പുഞ്ചിരിക്കും മുമ്പിൽ തല വണക്കുന്നു.

കർത്തൃസ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ഉറച്ച മനസ്സായിരുന്നു, അദ്ദേഹത്തിന്റെ യുവത്വത്തിന്റെ പിന്നിലുണ്ടായിരുന്ന രഹസ്യം. അനേകർക്ക് വെളിച്ചം നൽകുന്ന ഒരു ദീപസ്തംഭമായി ആ ദൈവസ്നേഹി പ്രശോഭിച്ചു. ആ പ്രഭാകിരണങ്ങളിൽ നിന്ന് പ്രചോദനം കൈക്കൊണ്ട് സഭയിലും സമൂഹത്തിലും സേവനത്തിന്റെ പുതിയ ദീപനാളങ്ങൾ തെളിയുവാൻ സംഗതിയാകട്ടെ. ◎

ബൈബിൾ ചിന്തകൾ – 96

പ്രൊഫ. എം.വൈ. യോഹന്നാൻ



പ്രത്യാശയുടെ പ്രകാശം

വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്ന അബ്രാഹാമിനോട് ദൈവം കല്പിച്ചു: "തല പൊക്കി, നീ ഇരിക്കുന്ന സ്ഥലത്തു നിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക" (ഉല്പത്തി 13:14).

ദൈവത്തിന്റെ വിളി കേട്ട് പുറപ്പെട്ട ദൈവപുരുഷനായ അബ്രാഹാം, മെസെപ്പൊത്ത്യാമൻ സമതലത്തിൽ നിന്ന് യൂഫ്രട്ടീസ് ടൈഗ്രീസ് നദി കടന്ന് കനാനിലേക്ക് യാത്ര ചെയ്യുമ്പോൾ, ഒരിടത്ത് കൂടാരമടിച്ച് തല താഴ്ത്തി മനസ്സു നൊന്തിരിക്കുകയായിരുന്നു. അബ്രാഹാം ബഹുസമ്പന്നനായിരുന്നു. പക്ഷെ ഭാര്യ സാറാ മക്കളെ പ്രസവിച്ചിരുന്നില്ല. തനിക്ക് മക്കളില്ലല്ലോ എന്നുള്ള നിരാശയിൽ പ്രതീക്ഷയറ്റ് തലതാഴ്ത്തിയിരിക്കുന്ന അബ്രാഹാമിനോട് ദൈവം അരുളിച്ചെയ്തു:

"നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും" (ഉല്പത്തി 13:15).

"പിന്നെ അവൻ അവനെ പുറത്തു കൊണ്ടു ചെന്നു: നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോട് കല്പിച്ചു" (ഉല്പത്തി 15:5).

അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തീർക്കുന്ന ദൈവം ആശയ്ക്ക് വകയില്ലാത്തിടത്ത് അത്ഭുതകരമായ നീക്കുപോക്ക് തരുകയാണ്. അവന്റെ കരങ്ങളിലേക്ക് ഏൽപ്പിച്ചു കൊടുക്കുമെങ്കിൽ നമ്മുടെ ജീവിതത്തിലെ കേടുകളും കെടുതികളും ദൈവം മാറ്റിത്തരും. അബ്രാഹാമിന് പ്രത്യാശ നൽകിയ ദൈവം നമുക്കും അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തരും.

ബൈബിളിൽ പുതിയ നിയമത്തിലും അതുപോലെയുള്ള ഒരു സംഭവം നമ്മുടെ ശ്രദ്ധയിൽപ്പെടുന്നു. അവശനായി ആശയറ്റ് കിടക്കുന്ന ഒരു രോഗിയെ വിശുദ്ധ യോഹന്നാന്റെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ നാം കാണുന്നു. യേശു അവനോട് : "എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നടക്കുക എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു" (യോഹന്നാൻ 5:8-9).

ബേതെസ്ദാ കുളക്കരയിൽ മുപ്പത്തെട്ടു സംവത്സരമായി തളർന്നു കിടക്കുന്ന മനുഷ്യന്റെ അരികിലേക്ക് യേശു കടന്നു ചെന്നു. അവൻ പ്രതീക്ഷയറ്റു കിടക്കുകയാണ്. കുളത്തിലെ വെള്ളം കലങ്ങുമ്പോൾ അതിൽ ആദ്യം ഇറങ്ങുന്നവൻ സൗഖ്യം പ്രാപിക്കും എന്നതാണ് അവിടത്തെ വിശ്വാസം. പക്ഷെ അവൻ ഇറങ്ങുവാൻ തുടങ്ങുമ്പോഴേക്കും മറ്റാരെങ്കിലും ഇറങ്ങിക്കഴിയും. അതുകൊണ്ട് അവന് സൗഖ്യം പ്രാപിക്കുവാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ വളരെ വലഞ്ഞ് വിഷമിച്ചു കഴിയുന്ന സമയത്ത് യേശു അവന്റെ അരികിലേക്ക് ചെന്നു ചോദിച്ചു: "നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?" ഉടനെ അവൻ തന്റെ സങ്കടവും പരാതിയുമെല്ലാം യേശുവിനോട് പറയുകയാണ്: "യജമാനനേ, എനിക്ക് സൗഖ്യമാകുവാൻ മനസ്സില്ലാഞ്ഞിട്ടല്ല. എനിക്കതിനു സാധിക്കുന്നില്ല. ഞാൻ ഇറങ്ങിച്ചെല്ലുമ്പോഴേക്കും മറ്റാരെങ്കിലും ഇറങ്ങിക്കഴിയും. എന്നെ സഹായിക്കാൻ ആരുമില്ല." അവന്റെ നിസ്സഹായാവസ്ഥ കണ്ട് മനസ്സലിഞ്ഞ് യേശു പറഞ്ഞു: "എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നടക്കുക."

എനിക്ക് ആരുമില്ല എന്നു പറയുന്നവനോട് യേശു പറയുന്നു: മകനേ, നിനക്ക് ഞാനുണ്ട്,

ഞാൻ നിന്നെ സഹായിക്കാമെന്ന്; ആരുമില്ലാത്തവർക്ക് തുണയായി യേശുവുണ്ട്. അതൊരു പരമയാഥാർത്ഥ്യമാണ്. വിധവമാർക്ക് കാന്തനായി യേശുവുണ്ട്; അനാഥർക്ക് പിതാവായി യേശുവുണ്ട്; വഴിയടഞ്ഞു പോയവർക്ക് പുതുവഴി തുറന്നുതരുവാൻ യേശുവുണ്ട്. പ്രശ്നങ്ങളുടെ മുമ്പിൽ പതറി നിൽക്കുമ്പോൾ യേശു വന്നു നമുക്കുവേണ്ടി സംസാരിക്കും, നമുക്കുവേണ്ടി പ്രവർത്തിക്കും. അവൻ സകലത്തിനും മതിയായ ദൈവമാണ്. അവന് അസാദ്ധ്യമായി ഒന്നുമില്ല. അനേകർ അപകർഷതാബോധത്താൽ അകമേ തലതാഴ്ത്തി ഇരിക്കുകയാണ്. അവരുടെ കുനിഞ്ഞുപോയ ശിരസ്സുകളെ ഉയർത്തുന്നവനാണ് കർത്താവായ യേശുക്രിസ്തു. നൈരാശ്യവും ആകുലതയുംകൊണ്ട് അവശരായി നിഷ്ക്രിയരായി ഇരിക്കുന്ന അനേകരുണ്ട്. അവരോട് 'തല പൊക്കുവിൻ' എന്നാണ് നിത്യസ്നേഹമായ ക്രിസ്തു കല്പിക്കുന്നത്.

മനുഷ്യൻ എന്ന വാക്കിന്റെ ഗ്രീക്കുഭാഷയിലെ മൂലം Anthropos എന്നാണ്. അതിന്റെ അർത്ഥം 'മുകളിലേക്ക് നോക്കി നിൽക്കുന്നത്' എന്നത്രേ. മൃഗങ്ങൾ മണ്ണിലേക്കു നോക്കി നിൽക്കുന്നവയാണ്. അവയ്ക്ക് ഭക്ഷണം കഴിക്കുക, ഇണചേരുക എന്ന ലക്ഷ്യം മാത്രമേയുള്ളൂ. മനുഷ്യൻ മുകളിലേക്ക് നോക്കുന്നവനാണ്. ഭൗതികമായും ആത്മീയമായും ഉയരുക എന്നതാണ് മനുഷ്യൻ വിഭാവനം ചെയ്യുന്നത്. മനുഷ്യന് ആത്മാവുണ്ട്. ആത്മാവ് ഐഹിക കാര്യങ്ങളിൽ മാത്രം തങ്ങി നിൽക്കാതെ ചിന്തയിലും വിചാരവികാരങ്ങളിലും ഉന്നതമായ ലക്ഷ്യം പുലർത്തുന്നു.

ഏതു വിഷമസന്ധിയിലും തളരാതെ തല ഉയർത്തി നിൽക്കാൻ സാധിക്കുന്നത് ദൈവകൃപയാണ്. ക്രൂശിലെ മരണത്തോളം തന്നെത്തന്നെ താഴ്ത്തി, നിന്ദയും ആക്ഷേപവും കഠിനപീഡകളും അനുഭവിച്ച കർത്താവായ യേശുക്രിസ്തുവിന്റെ അനുയായികളാണല്ലോ നാം. Rock of Ages എന്ന സുപ്രസിദ്ധ കീർത്തനത്തിലെ വരികൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്:

"Naked, come to Thee for dress;
Helpless, look to Thee for grace:
Foul, I to the fountain fly,
Wash me, Saviour, or I die."

ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു മഹത്വപൂർണ്ണമായ പ്രത്യാശയും നവോന്മേഷവും നമുക്കു നൽകുന്നു. പ്രതീക്ഷയുടെ നറുനാമ്പുകളായി ഇരുളിൽ പ്രശോഭിക്കുന്ന നക്ഷത്രങ്ങൾ വിദ്വാന്മാർക്ക് വഴികാട്ടികളായതുപോലെ ദുരിതത്തിന്റെയും യാതനയുടെയും മദ്ധ്യത്തിൽ ക്രിസ്തു നമുക്ക് ദിവ്യജ്യോതിസ്സരുളുന്നു.

ആപത്ഘട്ടങ്ങളിൽ തളരാതെ മുന്നേറുവാൻ കുതിച്ച് എഴുന്നേൽക്കുന്നവരാണ് യഥാർത്ഥ ക്രിസ്തുഭക്തന്മാർ. അവർ നിരാശയ്ക്കിടം കൊടുക്കാതെ ക്രൂശിതനെ നോക്കി ധൈര്യവും പ്രത്യാശയും പ്രാപിക്കും. "വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക" എന്ന് സെന്റ് പോൾ പറയുന്നതിന്റെ പൊരുൾ തേടുകയാണ് ക്രിസ്തുഭക്തൻ.

''തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ" (എബ്രായർ 12:2,3).

ക്രൂശിലെ ത്യാഗോജ്ജ്വലമായ സ്നേഹത്തിന്റെ പൊരുൾ ഗ്രഹിക്കാൻ സാധിക്കുമ്പോഴാണ് നമ്മുടെ ക്ഷീണമെല്ലാം മാറി നാം ഊർജ്ജസ്വലരായിത്തീരുന്നത്. ആ മഹൽസൗഭാഗ്യം നേടി പരാജയത്തിൽ നിന്ന് വിജയത്തിലേക്ക് കുതിച്ചുയരുവാൻ നമുക്ക് അവനിൽ ആശ്രയിക്കാം. തല പൊക്കി യേശുവിന്റെ വാത്സല്യം തുളുമ്പുന്ന മുഖത്തേക്ക് നോക്കി നമുക്ക് പ്രകാശം പ്രാപിക്കാം.

◎

വീക്ഷണം

കെ.ഡി. അഗസ്റ്റിൻ



സായംകാല ചിന്തകൾ



"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അരമുറുക്കുകയും ഇഷ്ടമുള്ളിടത്തേക്ക് പോകുകയും ചെയ്തിരുന്നു. എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്ക് കൊണ്ടുപോകുകയും ചെയ്യും" (യോഹ 21:18).

ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിവയാണല്ലോ ജീവിതഗതിയിലെ വിവിധ ഘട്ടങ്ങൾ. ബാല്യവും, കൗമാരവും, യൗവനവും ആസ്വദിച്ചതുപോലെ വാർദ്ധക്യവും ആസ്വാദ്യതയോടെ കഴിഞ്ഞു പോകുക എന്നത് ഒരു ഭാഗ്യമാണ്. ജനനം മുതൽ മരണം വരെ വിശ്രമമില്ലാതെ ജോലി ചെയ്യുന്ന നമ്മുടെ അവയവങ്ങൾ ദിനംപ്രതി പ്രായമായിക്കൊണ്ടിരിക്കുകയാണ്. ഒരു വ്യക്തി വൃദ്ധനോ വൃദ്ധയോ ആയിത്തീരുന്നത് നരച്ചു തുടങ്ങുമ്പോഴല്ല, പിന്നെയോ മനസ്സ് ദുർബ്ബലപ്പെടുമ്പോഴാണ്. അപ്പോഴാണ് വാർദ്ധക്യത്തിലേക്ക് യഥാർത്ഥത്തിൽ പ്രവേശിക്കുന്നത് എന്ന് വേണമെങ്കിൽ പറയാം. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് അറുപത് വയസ്സിൽ കൂടുതൽ പ്രായം ഉള്ളവരാണ് ജനസംഖ്യയിൽ അധികം. 2050-ൽ ഈ നിരക്ക് മൂന്നിരട്ടിയായി വർദ്ധിക്കും എന്ന് കരുതപ്പെടുന്നു. മൊത്തം ജനസംഖ്യയുടെ അഞ്ചിലൊരു ഭാഗം മുതിർന്ന പൗരന്മാരായിത്തീരാൻ അധികം കാലം വേണ്ടിവരില്ല.

തിരക്ക് പിടിച്ച ഈ കാലഘട്ടത്തിൽ ആർക്കും ആരെയും കരുതാൻ താല്പര്യമോ സമയമോ ഇല്ല. അതിന്റെ ഫലമായി വീടുകളിൽ നിന്നും പ്രായമായവർ അകറ്റി നിർത്തപ്പെടുന്ന ഒരു പ്രവണത കൂടി വരുന്നു. ജീവിതത്തിന്റെ മുഴുവൻ സമയവും കുടുംബത്തിനും സമൂഹത്തിനുംവേണ്ടി ഏറെ ബുദ്ധിമുട്ടിയവരാണ് വയോജനങ്ങൾ. എന്നാൽ അവരെ വേണ്ടവിധത്തിൽ ശ്രദ്ധിക്കാൻ ഇന്ന് മക്കൾക്കോ, സമൂഹത്തിനോ സാധിക്കുന്നില്ല. കൂട്ടുകുടുംബ വ്യവസ്ഥിതി അവസാനിച്ചതും മക്കൾ ദൂരെ സ്ഥലങ്ങളിൽ ജോലിക്ക് പോകാൻ നിർബന്ധിതരായതും ഇതിനു കാരണമായി.

രോഗസംബന്ധമായ അവശതയ്ക്കൊപ്പം ഏകാന്തതയും അവഗണനയും നേരിടുന്നവരാണ് വൃദ്ധരിൽ ഏറിയ പങ്കും; ഈ ഏകാന്തതയാണ് വൃദ്ധർ നേരിടുന്ന മുഖ്യപ്രശ്നം. അതിനോടൊപ്പം ശരിയായ സംരക്ഷണം ലഭിക്കാത്തതിനാൽ ഭൂരിപക്ഷം വയോജനങ്ങളും മാനസികപീഢ അനുഭവിക്കുന്നു. ശാരീരിക രോഗങ്ങളും അപകടങ്ങളും ആരോഗ്യപരിപാലനത്തിന്റെ അപര്യാപ്തതയുമൊക്കെ വയോജനങ്ങളെ അലട്ടുന്ന ഗുരുതര പ്രശ്നങ്ങളാണ്. മുതിർന്ന പൗരന്മാർ സമൂഹത്തിന് വിലപ്പെട്ട സമ്പാദ്യമാണെന്ന തിരിച്ചറിവ് സമൂഹത്തിൽ സൃഷ്ടിക്കപ്പെടണം. അവരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കണം. വാർദ്ധക്യകാലം സ്വന്തം ഭവനങ്ങളിൽ കഴിഞ്ഞു കൂടുന്നതിനുള്ള പശ്ചാത്തലം ഒരുക്കി കിട്ടിയാൽ അത്രയും നന്ന്. അംഗീകരിക്കപ്പെടാനും ആദരിക്കപ്പെടാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കാത്ത മനുഷ്യരില്ല. പ്രായമായവരെ സംബന്ധിച്ചിടത്തോളം ഇത് അവരുടെ അവകാശവും

ആഗ്രഹവുമാണ്. ഇത് ആരേയുംകാൾ മക്കളും മരുമക്കുളും അറിഞ്ഞിരിക്കണം.

എൺപത് ശതമാനം വയോജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സാമ്പത്തിക സുരക്ഷ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, ജീവനും സ്വത്തിനും സംരക്ഷണം എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇന്ത്യാ ഗവണ്മെന്റ് ഒരു ദേശീയ നിയമം പ്രാബല്യത്തിലാക്കി. പല സംസ്ഥാനങ്ങളിലും വാർദ്ധക്യ പെൻഷൻ, അഗതി പെൻഷൻ, രോഗ ചികിത്സയ്ക്ക് മൊബൈൽ ക്ലിനിക്കുകൾ മുതലായവ അങ്ങനെ നടപ്പിലാക്കിയതാണ്. 2006-ലെ വയോജനനയം പരിഷ്ക്കരിച്ച് മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാനനയം 2013-ൽ അംഗീകരിക്കപ്പെട്ടു. കിടപ്പിലായ രോഗികളും വൈകല്യം ബാധിച്ചവരുമായ വയോജനങ്ങൾക്ക് ചികിത്സാ സഹായം ഏർപ്പെടുത്തുന്നതിനും സാന്ത്വന പരിചരണത്തിനുമായി ഗവണ്മെന്റ് 'വയോജനമിത്രം' പദ്ധതി നടപ്പാക്കി. ഇങ്ങനെ സർക്കാരിന്റെ ഭാഗത്തു നിന്ന് പല വിധ സംരക്ഷണ പദ്ധതികളും ലഭ്യമാണ്. അതിനെക്കുറിച്ച് സാധാരണ ജനങ്ങൾ ബോധവാന്മാരല്ല എന്നതാണ് യാഥാർത്ഥ്യം.

വാർദ്ധക്യത്തോട് അടുക്കുമ്പോൾ നമ്മുടെ മനസ്സിനെ എങ്ങനെ പാകപ്പെടുത്താം എന്നുകൂടി ചിന്തനീയമാണ്.

ജനനത്തിലെന്നപോലെ വാർദ്ധക്യത്തിലും മരണത്തിലും ഏകനായിരിക്കുമെന്ന ബോധ്യം സ്വയം ഉണ്ടാക്കിയെടുക്കുക. ആ ഏകാന്തതയിൽ ഈശ്വരൻ കൂടെയുണ്ട് എന്ന് മനസ്സിനെ പഠിപ്പിച്ച് സന്തോഷമായിരിക്കുക. നിരാശയും മാനസിക പിരിമുറുക്കവും ഒഴിവാക്കി പുതുതലമുറയ്ക്കായി സ്ഥാനം ഒഴിഞ്ഞു കൊടുക്കാൻ തയ്യാറാവുക. അവരുടെ ഉയർച്ച കണ്ട് സന്തോഷിക്കുക. 60 വയസ്സ് കഴിഞ്ഞാൽ മിക്കവാറും ജോലിസ്ഥലത്തുനിന്ന് തിരസ്ക്കരിക്കപ്പെടുകയും സീനിയർ സിറ്റിസൺ എന്ന ലേബലിൽ മാറ്റി നിർത്തപ്പെടുകയും ചെയ്യും. ഇത് അനിവാര്യമായ യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കുക. പലവിധ രോഗങ്ങളും മാനസിക പീഡകളും അലട്ടുന്ന ഈ കാലഘട്ടത്തിൽ വ്യായാമം, മെഡിറ്റേഷൻ, യോഗ എന്നിവയിൽ കൂടി മനഃസംയമനവും ആരോഗ്യവും വീണ്ടെടുക്കുക. നാം ജീവിതത്തിൽ എത്ര വലിയവരായിരുന്നാലും വാർദ്ധക്യത്തിൽ ചിലപ്പോൾ മറ്റുള്ളവരുടെ സഹായം ആവശ്യമായി വരും. അഥവാ, മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കേണ്ടി വരും. ഈ ഘട്ടത്തിൽ ആരാണ് നമുക്ക് ഉപകരിക്കുക എന്ന് നമുക്കറിയില്ല. മറ്റുള്ളവരോട് എപ്പോഴും നന്ദിയും സ്നേഹവും ഉള്ളവരായിരിക്കുക. എന്തിലും ഏതിലും അതൃപ്തി പ്രകടിപ്പിച്ച്, ഉള്ള സന്തോഷം അനുഭവിക്കാൻ മറന്നു പോകാതിരിക്കുക.

നിങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ ഏതെങ്കിലും സാമൂഹികസംഘടനകളിൽ അംഗമായി പ്രവർത്തിക്കുക. പരസഹായം കൂടാതെ ഒന്നും ചെയ്യാൻ പറ്റില്ല എന്ന ഘട്ടംവരെ ഏതെങ്കിലും ജോലികളിൽ ഏർപ്പെടുക. സുഹൃദ്ബന്ധങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കുക. കഴിയുന്നത്ര സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുക. മെഡിക്കൽ ഇൻഷൂറൻസിൽ അംഗങ്ങളായിക്കൊണ്ട് ആരോഗ്യപ്രശ്നങ്ങളിൽ മക്കളേയും മരുമക്കളേയും ബുദ്ധിമുട്ടിക്കാതെ ഒരു പരിധിവരെ പിടിച്ചു നിൽക്കാം. പെൻഷൻ ലഭിക്കാത്തവരാണെങ്കിൽ പെൻഷൻ പദ്ധതികളിൽ ചേർന്ന് വാർദ്ധക്യകാലത്ത് സാമ്പത്തിക ബുദ്ധിമുട്ടുകളിൽ നിന്ന് രക്ഷ നേടാം.

നാം സമ്പാദിച്ചു വച്ചതൊന്നും മരണശേഷം ഉപകാരപ്പെടുകയില്ലെന്ന് മനസ്സിലാക്കി പിശുക്ക് കാണിക്കാതെ മാന്യമായി ജീവിക്കുക. സ്വത്ത് പങ്കുവയ്ക്കുമ്പോൾ പക്ഷപാതരഹിതമായി ബുദ്ധിപൂർവ്വം വിഭജിച്ച് നൽകുക. ബന്ധങ്ങൾ ബന്ധനങ്ങളാകാതെ നോക്കുക. ജീവിതം ഒന്നേയുള്ളൂ, അത് സമചിത്തതയോടെ ആസ്വദിച്ച് ജീവിക്കുക. ◎

The author is a Senior Sales Executive, S.B.I. Life, Aluva.

പ്രവാചകന്മാർ – 3

പ്രൊഫ. മാത്യു കോശി

ഏലിയാവ്– ശ്രേഷ്ഠ പ്രവാചകൻ



(തുടർച്ച)

ധൈര്യവാനായ ഏലിയാവ്

ആദ്യമായി ആഹാബിന്റെ മുമ്പിൽ എന്ന പോലെ, ഏലിയാവിനെ ജീവിതത്തിൽ ഉടനീളം വിവിധ സാഹചര്യങ്ങളിൽ ധൈര്യവാനായി നാം കാണുന്നു. ബാലിന്റെയും അശേരയുടെയും പ്രവാചകന്മാരെ നിഗ്രഹിച്ചശേഷം ഈസേബെലിനെ ഭയപ്പെട്ട് പോയി ഒരു ചൂര ച്ചെടിയുടെ തണലിൽ ഇരുന്ന അവസരത്തിൽ മാത്രം ഒരു അധൈര്യം കാണിക്കുന്നുണ്ട് (1 രാജാ. 19:4)

ആദ്യത്തെ സംഭവം

ആഹാബിനോട് മഴ പെയ്യാതിരിക്കുന്നതിനെപ്പറ്റി പറഞ്ഞശേഷം ഭയപ്പെട്ട് ഓടുന്ന ഏലിയാവിനെ അല്ല കാണുന്നത്. ദൈവ കല്പനപ്രകാരം കെരീത്ത് തോട്ടിന്നരികിൽ ഇരിക്കുവാനാണ് അദ്ദേഹം പോയത്.

വീണ്ടും ആഹാബിന്റെ സന്നിധിയിലേക്ക്

മൂന്നാം സംവത്സരത്തിൽ ദൈവം ഏലിയാവിനോട് കല്പിച്ചത് ആഹാബിന്റെ സന്നിധിയിലേക്ക് പോകുവാനാണ്. ധൈര്യവാനായ ഏലിയാവ് അതിന് തയ്യാറായി ഇറങ്ങുന്നത് കാണാം.

രാജാവിനെ കാണുവാൻ ഇറങ്ങിയ ഏലിയാവ് ഒബെദ്യാവിനെ വഴിയിൽ കണ്ടു. താൻ ഇന്ന സ്ഥലത്ത് ഉണ്ട് എന്ന വിവരം ആഹാബിനെ അറിയിക്കുവാൻ ഏലിയാവ് ഓബെദ്യാവിനോട് പറഞ്ഞു.

ബാല്യക്കാരൻ പറഞ്ഞതനുസരിച്ച് ആഹാബ് ഏലിയാവിനെ നേരിൽ കാണുന്നു. ആഹാബ് ഏലിയാവിനോട് ചോദിക്കുന്ന ചോദ്യം വളരെ വിചിത്രമായി തോന്നുന്നു. “ആർ ഇത്? യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നവനോ?” മറുപടി: “യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല; നീയും നിന്റെ പിതൃഭവനവുമത്രെ.” (1 രാജാ 18:17,18). ഇതിൽ കൂടുതൽ എന്തു ധൈര്യം കാണിക്കുവാൻ സാധിക്കും!

കർമ്മേൽ പർവ്വതത്തിൽ

മുകളിൽ പറഞ്ഞ കൂടിക്കാഴ്ചയുടെ സമയത്ത് ഏലിയാവ് ആഹാബിനോട് പറയുന്നത് ബാലിന്റെ നാനൂറ്റമ്പത് പ്രവാചകന്മാരെയും അശേരായുടെ നാനൂറ് പ്രവാചകന്മാരെയും കർമ്മേൽ പർവ്വതത്തിൽ കൂട്ടി വരുത്തുവാനാണ്. ഇതനുസരിച്ച് എല്ലാ പ്രവാചകരും രാജാവും വലിയ ഒരു കൂട്ടം യിസ്രായേൽ മക്കളും കർമ്മേൽ പർവ്വതത്തിൽ ഏലിയാവിന്റെ അടുക്കൽ വന്നുചേർന്നു.

ഏലിയാവ് ഒരു വശത്തും 850 പ്രവാചകന്മാർ മറുവശത്തും നിന്ന് പ്രത്യേകമായി യാഗം കഴിക്കണം. അവരവരുടെ ദൈവത്തോട് വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ആകാശത്തുനിന്ന് തീയിറങ്ങി യാഗം ദഹിപ്പിക്കുന്ന ദൈവത്തെ എല്ലാവരും ആദരിക്കണം. ഈ പരീക്ഷണത്തിൽ ഏലിയാവ് വിജയി ആകുന്നു. എത്ര ധൈര്യമുള്ള പ്രവൃത്തിയാണിത്. ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കാത്ത അവസ്ഥയ്ക്ക് മാറ്റം വരണമെന്നുള്ള ആഗ്രഹമാണിതിനു പിന്നിൽ.

നാബോത്തിനെ ആഹാബ് നിഗ്രഹിക്കുന്നു

യിസ്രായേല്യനായ നാബോത്ത് എന്ന

ആളിന് പിതൃസ്വത്തായി കിട്ടിയ ഒരു മുന്തിരി ത്തോട്ടം ആഹാബിന്റെ കൊട്ടാരത്തിനടുത്തു ണ്ടായിരുന്നു. രാജകൊട്ടാരത്തിൽ നിന്നാൽ കാണാവുന്ന ആ സ്ഥലത്ത് ചീരത്തോട്ടം ഉണ്ടാ ക്കുവാനായി സ്ഥലം വിലയ്ക്ക് തരുവാൻ ആഹാബ് നാബോത്തിനോട് പറയുന്നു. പിതൃ സ്വത്ത് വിൽക്കുവാൻ മനസ്സില്ലാതിരുന്ന നാബോത്തിനെ ഈസേബെൽ ആസൂത്രണം ചെയ്യുന്ന കുതന്ത്രത്തിൽ കൊല ചെയ്യുന്നു. നാബോത്ത് കൊല്ലപ്പെട്ടു എന്നറിഞ്ഞ ആഹാബ് തോട്ടം കൈവശമാക്കുവാൻ കൊട്ടാ രത്തിൽ നിന്നും ഇറങ്ങി ആ സ്ഥലത്തേക്ക് എത്തുന്നതിനു മുമ്പ് ഏലിയാവ് രാജാവിനെ നേരിൽ കാണുന്നു. ആഹാബ് ചോദിക്കുന്നത് "എന്റെ ശത്രുവേ, നീ എന്നെ കണ്ടെത്തിയോ" എന്നാണ്. ഒരു സംശയവും ഇല്ലാത്ത മറുപടി ഏലിയാവിൽ നിന്ന് വരുന്നു "അതെ ഞാൻ കണ്ടെത്തി" (1 രാജാ. 20:20). ആഹാബ് തന്നേ ഒരു ശത്രുവായി കണക്കാക്കുന്നതിൽ ഏലിയാ വിന് തെല്ലും ഭയമില്ല. ഏലിയാവ് വീണ്ടും പറ യുന്നത്, ആഹാബിന്റെ കുടുംബത്തിലുള്ള സകല പുരുഷപ്രജയും കൊല്ലപ്പെടും, ഈസേ ബെലിന്റെ മാംസം നായ്ക്കൾ തിന്നുകളയും, എന്നാണ്. ആരാം രാജാവുമായുള്ള യുദ്ധ ത്തിൽ ആഹാബ് കൊല്ലപ്പെട്ടു. ആഹാബിന്റെ മകനായ അഹസ്യാവിന്റെ മരണവും കഴിഞ്ഞ് ഈസേബെലും കൊല്ലപ്പെടുന്നു. നായ്ക്കൾ ഈസേബെലിന്റെ മാംസം തിന്നുകളഞ്ഞു.

അഹസ്യാരാജാവിനെ നേരിടുന്നത്

ആഹാബിന്റെ മരണശേഷം അവന്റെ മക നായ അഹസ്യാവ് യിസ്രായേലിലെ രാജാവാ യി. അഹസ്യാവ് തന്റെ മാളികയുടെ കിളിവാ തിലിൽ നിന്ന് വീഴുകയും കിടപ്പിലാകുകയും ചെയ്തു. തന്റെ അസുഖത്തെപ്പറ്റിയുള്ള വിവരം അറിയിക്കുവാൻ ദൂതന്മാരെ ക്രോനിലെ ദേവനായ ബാൽസെബൂബിന്റെ അടുത്തേക്ക് രാജാവ് അയയ്ക്കുന്നു. ദൈവകല്പനപ്രകാരം ഏലിയാവ് ഈ ദൂതന്മാരെ വഴിയിൽ കണ്ടുമു ട്ടുന്നു. ദൂതന്മാരോട് ഏലിയാവ് ചോദിക്കുന്നത്: "യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ നിങ്ങൾ എക്രോനിലെ ദേവനായ ബാൽസെ ബൂബിനോട് അരുളപ്പാട് ചോദിപ്പാൻ പോകു ന്നത്. ഇതു നിമിത്തമായി നീ കയറിയ കട്ടിലിൽ നിന്നും ഇറങ്ങാതെ നിശ്ചയമായി നീ മരിക്കും എന്ന് പറക" (2 രാജാ. 1:3-4).

ദൂതന്മാർ പെട്ടെന്ന് തിരികെ വന്നതിന്റെ കാരണം രാജാവ് അന്വേഷിച്ചപ്പോൾ ഏതോ ഒരാൾ അവരോട് വഴിയിൽ വച്ച് പറഞ്ഞ വിവരം ദൂതന്മാർ രാജാവിനെ അറിയിച്ചു. രാജാവ് ആ ആളിന്റെ വേഷം ചോദിച്ചറിഞ്ഞു. "അവൻ രോമവസ്ത്രം ധരിച്ച് അരയ്ക്കു തോൽവാറും കെട്ടിയ ആളായിരുന്നു എന്ന് അവർ അവനോട് പറഞ്ഞു" (2 രാജാ. 1:8). അപ്പോൾ അവൻ ഏലിയാവെന്ന് രാജാവിന് മനസ്സിലായി.

രാജാവ് 50 പേർ അടങ്ങുന്ന സംഘ ത്തെയും അവർക്ക് ഒരു നേതാവിനെയും ഏലി യാവിനെ അന്വേഷിച്ച് രണ്ടു പ്രാവശ്യം അയ ക്കുന്നു. കൊട്ടാരത്തിലേക്ക് വരുവാൻ രാജാവ് പറയുന്നു എന്നറിയിച്ച രണ്ടു സംഘത്തിൽ പ്പെട്ട 102 ആളുകളെയും ഏലിയാവ് ആകാശ ത്തുനിന്നുള്ള തീ ഇറക്കി നശിപ്പിക്കുന്നു. മൂന്നാമതയച്ച സംഘത്തലവന്റെ വിനീതമായ അപേക്ഷ അനുസരിച്ച് നേരിട്ട് രാജാവിന്റെ അടുക്കൽ എത്തിയ പ്രവാചകൻ രാജാവിനോട് പറയുന്നത് ദൂതന്മാരോട് പറഞ്ഞ അതേ വാചകമാണ്. രാജാവിന്റെ മരണകാര്യം രാജാവിന്റെ മുഖത്തു നോക്കി പറയുന്നത് അസാമാന്യമായ ധൈര്യം തന്നെ. ഈ പ്രവചനപ്രകാരം രാജാവ് മരിക്കുന്നതായി കാണാം.

ഈ വിധമാണ് ഏലിയാവിനെ തന്റെ ജീവി തത്തിൽ ഉടനീളം നമുക്ക് കാണുവാൻ കഴി യുന്നത്. ധൈര്യവാനായ ഏലിയാവിന് മരണം സംഭവിക്കുന്നതായല്ല, ഒരു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് കയറിയതായി കാണുന്നു.

(തുടരും)

സമസ്യ

സൂസി ചെറിയാൻ
ശങ്കരമംഗലം



ഞാൻ ആരാണെന്ന് പറയാമോ?



ഒരു സൂചന തരാം - ഞാൻ ജനിച്ചത് 1910 ആഗസ്റ്റ് 26-ാം തീയതി; എന്റെ പിതാവ് നിക്കോളാസ് യുഗോസ്ലാവിയക്കാരനും മാതാവ് ബെർണായി വെനീസുകാരിയും ആയിരുന്നു.

എന്റെ ഏഴാമത്തെ വയസ്സിൽ പിതാവ് മരിച്ചു. ഭർത്താവിനെ നഷ്ടപ്പെട്ടിട്ടും ജീവിതപ്രയാസങ്ങളെ ധൈര്യസമേതം അഭിമുഖീകരിക്കാനും കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരാനും അമ്മയ്ക്ക് സാധിച്ചത് അവരുടെ അടിയുറച്ച മതവിശ്വാസവും കഠിനാധ്വാനവും മൂലം ആയിരുന്നു. എന്റെ ബാല്യകാലം ക്ലേശഭൂയിഷ്ഠമായിരുന്നു. എങ്കിലും ശുചിത്വവും അടുക്കും ചിട്ടയും ഉള്ള പെരുമാറ്റവും എനിക്ക് വളരെ നിർബന്ധമായിരുന്നു.

പതിനെട്ടാമത്തെ വയസ്സിൽ എനിക്ക് ഒരു ഉൾവിളിയുണ്ടായി - പ്രിയപ്പെട്ടവരെ ഉപേക്ഷിച്ച് സ്വന്തമായ മാർഗ്ഗത്തിലൂടെ മുന്നോട്ടു പോകണം. എന്റെ ആഗ്രഹം ഞാൻ അമ്മയോടു പറഞ്ഞു. അമ്മ കുറെ നേരത്തേക്ക് ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു: ''നീ അവന്റെ കരം ഗ്രഹിച്ച് എന്നെന്നും അവന്റെ പാതയിൽ സഞ്ചരിക്കുക.'' അങ്ങനെ ഞാൻ അമ്മയോടും ബന്ധുക്കളോടും യാത്ര പറഞ്ഞ് അജ്ഞാത തീരങ്ങളിലേക്ക് ഒറ്റയ്ക്ക് തിരിച്ചു; കപ്പൽ മാർഗ്ഗം യാത്രചെയ്ത് ഇന്ത്യയിൽ എത്തി.

ശ്രീരാമകൃഷ്ണനും വിവേകാനന്ദനും നിത്യചൈതന്യയതിയും രവീന്ദ്രനാഥടാഗോറും സുഭാഷ്ചന്ദ്രബോസും സത്യജിത് റേയും ജീവിച്ചിരുന്ന പുണ്യ ഭൂമിയായ ബംഗാളിലെ കൽക്കത്തയിലാണ് എത്തിയത്. ഇതിനിടെ ആശയവിനിമയത്തിന് ഇംഗ്ലീഷിന്റെ ബാലപാഠങ്ങൾ പഠിച്ചു. ഡാർജിലിംഗിലെ ലോറേറ്റോ കോൺവെന്റിൽ വിദ്യാർഥിനിയായി ചേർന്നു.

മൂന്നു വർഷം കഴിഞ്ഞ് ആദ്യത്തെ സന്യസ്തപ്രതിജ്ഞ എടുത്തു. അതിനുശേഷം മഞ്ഞണിഞ്ഞ ആ ഹിമാലയൻ നഗരത്തിൽ നിന്ന് വീണ്ടും കൽക്കത്തയിലേക്ക് വന്നു. നീണ്ട പതിനേഴു വർഷം സെന്റ് മേരീസ് സ്കൂളിൽ അദ്ധ്യാപിക ആയിരുന്നു. കുട്ടികളെ ഭൂമിശാസ്ത്രവും മതവും കൃത്യനിഷ്ഠയും ശുചിത്വവും അച്ചടക്കവും പഠിപ്പിച്ചു.

1942-ൽ ലോകമഹായുദ്ധം വരുത്തിവച്ച മഹാദുരന്തത്തെ തുടർന്ന് ബംഗാളിലുണ്ടായ ക്ഷാമവും ഹിന്ദു-മുസ്ലിം കലാപവും എന്നെ വളരെ അധികം വേദനിപ്പിച്ചു. എവിടെ നോക്കിയാലും മരണത്തിന്റെ ഭീകരമുഖം, എവിടെയും വേദനയുടെ വിലാപം - അതോടുകൂടി അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് പാവപ്പെട്ടവരുടെ സേവനത്തിന് ജീവിതം ഉഴിഞ്ഞുവയ്ക്കുവാൻ തീരുമാനിച്ചു.

ആയിടയ്ക്ക്, ഒരു അമേരിക്കൻ ലേഡി ഡോക്ടറെ ഞാൻ പരിചയപ്പെട്ടു; എന്റെ ജീവിതോദ്ദേശ്യം അവരോട് പറഞ്ഞു. പ്രസവശുശ്രൂഷയിലും പ്രഥമശുശ്രൂഷയിലും അവർ എനിക്ക് പരിശീലനം നൽകി. അതിനുശേഷം കൊൽക്കത്തയിലെ ഒരു ചേരി പ്രദേശത്തു ഞാൻ പ്രവർത്തനം ആരംഭിച്ചു. അഞ്ചു രൂപ മാസവാടകക്കെടുത്ത രണ്ടു

മുറികളുള്ള ഒരു കെട്ടിടത്തിൽ ഒരു വിദ്യാലയവും ഡിസ്പെൻസറിയും തുടങ്ങി. അത് പിന്നീട് വളർന്ന് വലുതായി. ഞാനും എന്റെ രണ്ട് സഹപ്രവർത്തകരും കൂടി രോഗികളുടെ വീടുകൾ സന്ദർശിച്ച് അവർക്ക് മരുന്നുകൾ കൊടുത്തു. ക്ഷയരോഗികളുടേയും കുഷ്ഠരോഗികളുടേയും നീണ്ട ക്യൂ എല്ലാ ദിവസവും ഉണ്ടായി. ആഹാരപദാർത്ഥങ്ങളും വസ്ത്രങ്ങളും ഔഷധങ്ങളും സംഭരിച്ച് പാവങ്ങളെ സഹായിച്ചു. തല ചായ്ക്കാനിടമില്ലാതെ ഫുട്പാത്തുകളിൽ കഴിഞ്ഞിരുന്ന പാവങ്ങളുടെ നില ദയനീയമായിരുന്നു. മരിച്ചാൽ ഒരു ശവസംസ്കാരംപോലും കിട്ടിയിരുന്നില്ല. കാളിഘട്ടിൽ തീർഥാടനത്തിന് വരുന്നവർക്ക് തങ്ങാനായി ഒരു ഹിന്ദുമതവിശ്വാസി പണികഴിപ്പിച്ച രണ്ടു വലിയ ഹാളുകൾ ഒരു മുസ്ലിം മുനിസിപ്പൽ ഉദ്യോഗസ്ഥൻ കാണിച്ചുതന്നു. അത് എനിക്ക് അനുവദിച്ചുകിട്ടി.

കുഷ്ഠരോഗികളെ സമൂഹം എന്നും വെറുപ്പോടെ കാണുകയും അവരെ പരമാവധി അകറ്റി നിർത്തുകയും ചെയ്യുന്നു. ഇതിനൊരു പരിഹാരം കാണാനായി "തിത്താഗർ" എന്ന സ്ഥലത്ത് ഒരു കുഷ്ഠരോഗകേന്ദ്രം തുടങ്ങി. പിന്നീട് മുഖ്യമന്ത്രി അസൻസോളിൽ നൽകിയ മുപ്പത്തിനാല് ഏക്കർ സ്ഥലത്ത് 'ശാന്തിനഗർ" തുടങ്ങി.

മാർപാപ്പാ ഇന്ത്യയിൽ വന്നിട്ടു പോയപ്പോൾ ഒരു വിദേശ നിർമ്മിത കാർ എനിക്ക് സമ്മാനം തന്നു. അത് വിറ്റു കിട്ടിയ തുകകൊണ്ട് അസൻസോളിൽ ഒരു കുഷ്ഠരോഗ ആശുപത്രി തുടങ്ങി. പിന്നീട് റാഞ്ചിയിലും മറ്റു പല സ്ഥലങ്ങളിലും ആശുപത്രികൾ തുടങ്ങി. തെരുവിൽ കിടക്കുന്നവർക്ക് തല ചായ്ക്കാനൊരിടം, വിശക്കുന്ന വയറിന് ഒരു നേരത്തെ ആഹാരം - ഇത് കൊടുക്കാനായിരുന്നു എന്റെ ശ്രമം.


ഇന്ത്യയ്ക്കു പുറത്ത് വെനിസൂലയിലേക്കും ഇറ്റലിയിലേക്കും, ലണ്ടൻ, ജോർദ്ദാൻ, വിയറ്റ്നാം, ബംഗ്ലാദേശ്, ജപ്പാൻ എന്നിങ്ങനെ പല രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. മാനവസേവ തന്നെയാണ് ഈശ്വരസേവ എന്ന് വിവേകാനന്ദൻ പറഞ്ഞിട്ടുണ്ടല്ലോ. അതുതന്നെയാണ് എന്റെയും വിശ്വാസം.

ജീവകാരുണ്യപ്രവർത്തനങ്ങൾ വിപുലമായതോടെ അനേകം പുരസ്കാരങ്ങൾ എന്നെ തേടിയെത്തി. 1962-ൽ പദ്മശ്രീ, മഗ്സസേ അവാർഡ്, പിന്നീട് ഗുഡ് സമാരിറ്റൻ അവാർഡ്, ജവഹർലാൽ നെഹ്രു അവാർഡ്, അങ്ങനെ 1979-ൽ സമാധാനത്തിനുള്ള നോബൽ സമ്മാനവും നേടി. 1985-ൽ പ്രസിഡന്റ് റീഗൻ ഒരു സ്വർണമെഡൽ സമ്മാനിച്ചു - "President's Medal of Freedom." അത് സ്വീകരിക്കുമ്പോൾ ഞാൻ പറഞ്ഞതെന്താണെന്നോ: "മെഡൽ സ്വീകരിക്കുന്ന ആൾ അത് കൊണ്ടുപോയി ഉരുക്കി വിറ്റ് അങ്ങനെ കിട്ടുന്ന പണം പാവങ്ങൾക്കുവേണ്ടി ചെലവഴിക്കുമെന്ന് അറിഞ്ഞുകൊണ്ട് ആദ്യമായിട്ടായിരിക്കും ഒരാൾക്ക് ആ മെഡൽ സമ്മാനിക്കുന്നത്." എന്നാൽ എനിക്ക് ലഭിച്ച എല്ലാ ബഹുമതിയെക്കാൾ അപ്പുറമായി എന്നെ സ്നേഹിച്ച, ഞാൻ ശുശ്രൂഷിച്ച അശരണരും ആലംബഹീനരും എന്നെ സ്നേഹത്തോടെ "അമ്മ" എന്ന് വിളിച്ചതാണ് ഏറ്റവും വലിയ ബഹുമതിയായി ഞാൻ കണക്കാക്കുന്നത്. ഈ ലോകജീവിതത്തിൽ സ്നേഹവും കരുതലും അർഹരായവർക്ക് നൽകുന്നതാണ് ലോകം അംഗീകരിക്കുന്നതും ഓർമ്മിക്കുന്നതുമായ വലിയ ശുശ്രൂഷ.

(ഇതിൽ പരാമർശിക്കുന്ന വ്യക്തി ആരെന്നും അവരുടെ ജീവിത സംഭാവന എന്തെന്നും ഇപ്പോൾ വ്യക്തമായിരിക്കുമല്ലോ). ◎

ഗുണപാഠം

കെ. ജോർജ് സഖറിയ



രൂത്തും ബോവാസും

ഇസ്രായേലിൽ ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലത്ത് ക്ഷാമമുണ്ടായപ്പോൾ യഹൂദ്യയിലെ ബേത്‌ലഹേമിലുള്ള മോവാബ് ദേശത്തു പരദേശിയായി പാർപ്പാൻ എലിമലേക്ക് തന്റെ ഭാര്യ നൊവൊമിയും അവർക്കുള്ള രണ്ട് പുത്രന്മാരും അടക്കം പോയി. അധികം താമസിയാതെ എലിമലേക്ക് മരിച്ചു. നൊവൊമിയും രണ്ട് പുത്രന്മാരും ശേഷിച്ചു. ആൺമക്കൾ രണ്ട് മോവാബ്യ സ്ത്രീകളെ വിവാഹം കഴിച്ചു. മൂത്ത മകന്റെ ഭാര്യക്ക് ഓർപ്പാ എന്നും, രണ്ടാമത്തെ മകന്റെ ഭാര്യക്ക് രൂത്ത് എന്നും പേർ. അധികം താമസിയാതെ രണ്ട് ആൺമക്കളും സന്താനങ്ങളില്ലാതെ മരിച്ചു. അപ്പോൾ നൊവൊമി ചെറുപ്പക്കാരായ തന്റെ മരുമക്കളോട് താന്താന്റെ അമ്മയുടെ വീട്ടിലേക്ക് മടങ്ങിപ്പോകുവാൻ ഉപദേശിച്ചു. പക്ഷേ, അവർ നൊവൊമിയോട് ഞങ്ങളും നിന്നോട് കൂടെ നിന്റെ ജനത്തിന്റെ അടുക്കലേക്ക് പോരുന്നു എന്ന് പറഞ്ഞു. എന്നാൽ മൂത്ത മരുമകൾ അമ്മായിഅമ്മയുടെ ഉപദേശത്തിന് വഴങ്ങി നൊവൊമിയെ ചുംബിച്ച് പിരിഞ്ഞുപോയി.

